ഉത്തരം

(എ) ഇക്കാര്യം ജില്ലാ തലത്തിൽ വിലയിരുത്തപ്പെടുന്നുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

പെൻഷൻ പദ്ധതിയും കുടിശ്ശികയും

8 [182] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പെൻഷൻ പദ്ധതികളിലായി എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എത്ര സംഖ്യ കുടിശ്ശികയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) 2001 മേയ് മുതൽ ഇതുവരെയായി ഓരോ പെൻഷൻ പദ്ധതികളിലുമായി എത്ര മാസത്തെ കുടിശ്ശിക സംഖ്യ വിതരണം ചെയ്തിട്ടുണ്ട്;

(സി) വിവിധ പെൻഷൻ പദ്ധതികളിലെ കുടിശ്ശിക സംഖ്യ പൂർണ്ണമായി വിതരണം ചെയ്യുന്നതിനായി ഓരോ പദ്ധതിക്കും വേണ്ടിവരുന്ന സംഖ്യ എത്രയെന്ന് വിശദമാക്കുമോ;

(ഡി) തൊഴിലില്ലായ്മ വേതനം കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് എത്ര സംഖ്യ വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(ഇ) 2004 ആഗസ്റ്റിൽ ഓണസമയത്ത് പെൻഷൻ പദ്ധതികൾക്കും തൊഴിലില്ലായ്മ വേതനം കൊടുക്കുന്നതിനുമായി എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ)	കർഷക തൊഴിലാളി പെൻഷൻ	23 മാസത്തെ കുടിശ്ശിക		16,462 ലക്ഷം രൂപ	കുടിശ്ശിക
	ചുരുട്ടുതൊഴിലാളികൾക്കുള്ള പെൻഷൻ	4	,,	1.76	,,
	ക്ഷേമനിധി നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്കും സ്റ്റാഫിനുമുള്ള പെൻഷൻ	16	,,	236.74	,,
	കൈത്തറി	9	,,	74.32	,,
	തൊഴിൽരഹിത വേതനം	27	,,	12550.78	,,

LIBRARY ARCHIVES Kerala Legislative Assembly

	കയർ തൊഴിലാളി പെൻഷൻ	30 മാസത്തെ കുടിശ്ശിക	1650 ലക്ഷം രൂപ കുടിശ്ശിക
	വിധവാ പെൻഷൻ	4 ,,	867.95 ,,
	വികലാംഗർ	2 ,,	296.37 ,,
	വാർദ്ധക്യകാല പെൻഷൻ	6 ,,	967.86 ,,
	അവിവാഹിതകളും 50 വയസ്സിന് മുകളിലുമുള്ള സ്ത്രീകൾക്കുള്ള ധനസഹായം	3 ,,	98.58 ,,
	മത്സ്യത്തൊഴിലാളികൾക്കുള്ള വാർദ്ധക്യകാല പെൻഷൻ	8 ,,	269 ,,
	മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കു നൽകുന്ന പെൻഷൻ	5 ,,	19.50 ,,
	അനുബന്ധ തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ	5 ,,	2.5 ,,
(ബി)	കർഷക തൊഴിലാളി പെൻഷൻ	27 മാസത്തെ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്	
	ചുരുട്ടുതൊഴിലാളികൾക്കുള്ള പെൻഷൻ	40 ,,	
	ക്ഷേമനിധി നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്കും സ്റ്റാഫിനുമുള്ള പെൻഷൻ	34 ,,	
	കൈത്തറി	38 ,,	
	തൊഴിൽരഹിത വേതനം	17 ,,	

LIBRARY ARCHIVES Kerala Legislative Assembly

	കയർ തൊഴിലാളി പെൻഷൻ	27 മാസത്തെ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്	
	വിധവാ പെൻഷൻ	38	,,
	വികലാംഗർ	39	,,
	വാർദ്ധക്യകാല പെൻഷൻ	30	,,
	അവിവാഹിതകളും 50 വയസ്സിന് മുകളിലുമുള്ള സ്ത്രീകൾക്കുള്ള ധനസഹായം	43	,,
	മത്സ്യത്തൊഴിലാളികൾക്കുള്ള വാർദ്ധക്യകാല പെൻഷൻ	54	,,
	മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കു നൽകുന്ന പെൻഷൻ	43	,,
	അനുബന്ധ തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ	43	,,
(സി)	കർഷക തൊഴിലാളി പെൻഷൻ	16,462 ലക്ഷം രൂപ	
	ചുരുട്ടുതൊഴിലാളികൾക്കുള്ള പെൻഷൻ	1.76	,,
	ക്ഷേമനിധി നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്കും സ്റ്റാഫിനുമുള്ള പെൻഷൻ	236.74	,,

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി	74.32	ലക്ഷം രൂപ
തൊഴിൽരഹിത വേതനം	12550.78	,,
കയർ തൊഴിലാളി പെൻഷൻ	1650	,,
വിധവാ പെൻഷൻ	867.95	,,
വികലാംഗർ	296.37	,,
വാർദ്ധക്യകാല പെൻഷൻ	967.86	,,
അവിവാഹിതകളും 50 വയസ്സിന് മുകളിലുമുള്ള സ്ത്രീകൾക്കുള്ള ധനസഹായം	98.58	,,
മത്സ്യത്തൊഴിലാളികൾക്കുള്ള വാർദ്ധക്യകാല പെൻഷൻ	269	,,
മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കു നൽകുന്ന പെൻഷൻ	19.50	,,
അനുബന്ധ തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ	2.50	,,

(ഡി) തൊഴിലില്ലായ്മ വേതനം കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 12550.78 ലക്ഷം രൂപ വേണ്ടിവരും.

(ഇ) കർഷക തൊഴിലാളി പെൻഷൻ	2363.19	ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്
ചുരുട്ടുതൊഴിലാളികൾക്കുള്ള പെൻഷൻ	1.32	,,

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്കും സ്റ്റാഫിനുമുള്ള പെൻഷൻ	44.39 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.	
കൈത്തറി	24.55	,,
തൊഴിൽരഹിത വേതനം	1392.76	,,
കയർ തൊഴിലാളി പെൻഷൻ	165	,,
വിധവാ പെൻഷൻ	1682.95	,,
വികലാംഗർ	1303.50	,,
വാർദ്ധക്യകാല പെൻഷൻ	306.98	,,
അവിവാഹിതകളും 50 വയസ്സിന് മുകളിലുമുള്ള സ്ത്രീകൾക്കുള്ള ധനസഹായം	118.10	,,

LIBRARY ARCHIVES Kerala Legislative Assembly

വിവിധ പെൻഷൻ പദ്ധതികളിലെ കുടിശ്ശിക

9 [183] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലാ വേതനം, കയർ, കൈത്തറി, കശുവണ്ടി, കർഷക തൊഴിലാളി, വിധവ, വികലാംഗർ, മത്സ്യത്തൊഴിലാളി എന്നീ വിഭാഗത്തിൽ പെട്ടവർക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നിലും എത്ര തുക വീതം നൽകാനുണ്ട്;

(സി) പ്രസ്തുത തുക എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?